**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 546** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങൾക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചില്ലറ വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പാക്കില്ലെന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നികുതി പിരിവ് നടപ്പാക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പാക്കേജ് ചെയ്യപ്പെട്ട ബ്രാൻഡഡ് ആയിട്ടുള്ള നിർദിഷ്ട സാധനങ്ങൾക്ക് നേരത്തെതന്നെ 5% ജി.എസ്.ടി. ബാധകമായിരുന്നു. നിലവിൽ അത് പാക്കേജ് ചെയ്ത് ലേബൽ ചെയ്യപ്പെട്ട നിർദിഷ്ട സാധനങ്ങൾ എന്ന രീതിയിലേക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഈ രീതിയിൽ അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ ഇതിലൂടെ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനും<br>സാധാരണക്കാർക്ക് ലഭിക്കുന്ന അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് മൂലം വില വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോ ഔട്ട്ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വർദ്ധിപ്പിച്ച നികുതി ഈടാക്കി വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സപ്ലൈകോ വഴി വില്പന നടത്തുന്ന പായ്ക്ക് ചെയ്ത സബ്സിഡി ഉൽപ്പന്നങ്ങളുടെ വില്പന വില വർദ്ധിപ്പിക്കാതെ നിലവിലെ വിലയിൽ ജി.എസ്.ടി. കൂടി ഉൾപ്പെടുത്തിയാണ് വിൽക്കുന്നത്. സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം നികുതി ഈടാക്കി മാത്രമാണ് സപ്ലൈകോ വില്പന നടത്തുന്നത്. |
| (സി) | ഇപ്രകാരം അധിക നികുതി ഈടാക്കിയ ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | പുതുക്കിയ നികുതി നിരക്ക് 2022 ജൂലൈ 18 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇതിലൂടെയുള്ള അധിക നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല. |
| (ഡി) | സർക്കാർ നിലപാടിന് വിരുദ്ധമായി ജി.എസ്.ടി. വകുപ്പ് അധിക നികുതി ഈടാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് | (ഡി) | ഇത്തരത്തിലുള്ള പരാതികളൊന്നും ഇതുവരെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന് ലഭിച്ചിട്ടുള്ളതായി കാണപ്പെടുന്നില്ല. സംസ്ഥാന |

| | | | |
|---|---|---|---|
| | ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പാക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ